(ബി) പുതുതായി 53 എൻ.ജെ.ഡി. ഒഴിവുകൾ ഉണ്ട്.

(സി) നടപടികൾ സ്വീകരിച്ചു വരുന്നു.

കെ. എ. പി. 5-ാം ബറ്റാലിയനിലെ ഒഴിവുകൾ

79 [2567] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എ. പി. 5-ാം ബറ്റാലിയനിൽ നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) കോട്ടയം എ.ആർ., ഡി.സി.എ.ആർ. ആക്കി ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എ.പി. 5-ാം ബറ്റാലിയനിൽ താഴെ പറയുന്ന ഒഴിവുകൾ ഉണ്ട്:

എ.സി.	..	3
എ.പി.ഐ.	..	6
ആംഡ് പോലീസ് എസ്.ഐ	..	2
ആംഡ് പോലീസ്, എ.എസ്.ഐ	..	1
ഹവിൽദാർ	..	1
പോലീസ് കോൺസ്റ്റബിൾ	..	45
ബ്യൂഗിളർ പി. സി.	..	5
ടെയിലർ പി.സി.	..	2
കാർപെന്റർ പി. സി.	..	1
ബ്ലാക്ക് സ്മിത്ത് പി. സി.	..	1
പെയിന്റർ പി. സി.	..	1
ക്ലീനർ പി. സി.	..	4
മെക്കാനിക്കൽ ഹവീൽദാർ	..	1
ഡ്രൈവർ പി. സി.	..	17
ആർമർ എസ്.ഐ.	..	1
ആർമർ പി. സി.	..	2
ബാന്റ് പി. സി.	..	4
സി.എഫ്.	..	17
എൽ.ഡി. ക്ലർക്ക്	..	5
എൽ.ഡി. ടൈപ്പിസ്റ്റ്	..	1
ക്ലെറിക്കൽ അറ്റൻഡർ	..	1
പ്യൂൺ	..	1

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വീകരിക്കുന്നതാണ്.

(സി) കോട്ടയം എ.ആർ.എ.സി. തസ്തിക ഡി.സി.എ.ആർ. ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

തിരുവനന്തപുരം ജില്ലയിലെ പോലീസ് കോൺസ്റ്റബിൾ നിയമനം

80 [2568] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള നിയമനത്തിനായി തിരുവനന്തപുരം ജില്ലയിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും ഇതിനകം എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഒഴിവുള്ള പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് അടിയന്തിരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള റാങ്ക്‌ലിസ്റ്റ് നിലവിലുണ്ട്. ഇതിൽനിന്നും 468 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) 134 ഒഴിവുകൾ നിലവിലുണ്ട്.

(സി) അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനത്തിനായുള്ള പ്രിലിമിനറി/ഫൈനൽ പരീക്ഷകൾ

81 [2569] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സെക്രട്ടേറിയറ്റ്/പി.എസ്.സി. അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലേക്കുള്ള നിയമനത്തിനുവേണ്ടി പി.എസ്.സി. നടത്തിയ പ്രിലിമിനറി പരീക്ഷ എത്ര ഉദ്യോഗാർത്ഥികൾ എഴുതിയിട്ടുണ്ട്;

(ബി) പ്രിലിമിനറി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി ഏതു ഘട്ടത്തിലാണ്;

(സി) ഫൈനൽ പരീക്ഷ എന്ന് നടത്തും എന്ന് വ്യക്തമാക്കാമോ;

(ഡി) ഫൈനൽ പരീക്ഷയ്ക്കുള്ള സിലിബസ് ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly